# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) പ്രധാനമന്ത്രി നരേന്ദ്രമോദിയും മംഗോളിയൻ പ്രസിഡന്റ് ഖുറേൽസുഖ് ഉഖ്നയുമായുള്ള കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

**A delegation level talk between India and Mongolia is underway in New Delhi. Prime Minister Narendra Modi and President of Mongolia Khurelsukh Ukhnaa are present in the meeting.**

2) നിയമസംവിധാനത്തിൽ അധിഷ്ഠിതമായ ലോകക്രമത്തിനായാണ് ഇന്ത്യ എക്കാലവും നിലകൊള്ളുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

**The Conclave of Chiefs of United Nations Troop Contributing Countries began in New Delhi today. Addressing the conclave, Defence Minister Rajnath Singh said that country stands strong in upholding the international rules-based order.**

3) ഈജിപ്റ്റ് സമാധാന ഉച്ചകോടിയിൽ ഇന്ത്യയെ പ്രശംസിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രധാനമന്ത്രി നരേന്ദ്ര മോദി വളരെ നല്ല സുഹൃത്ത് ആണെന്നും യുഎസ് പ്രസിഡന്റ്.

**US President Donald Trump has praised India and called Prime Minister Narendra Modi 'a very good friend' during his speech at the Sharm el-Sheikh Summit in Egypt.**

4) ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പ്രഖ്യാപനത്തിനുള്ള അന്തിമഘട്ട ചർച്ചകൾ ഊർജ്ജിതമാക്കി മുന്നണികൾ.

**In Bihar, political parties intensified discussions over the declaration of candidates for Assembly polls.**

5) സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

**In Kerala, today is the last day to register names in the voters list for local body elections in the state.**

6) വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് ഉജ്വല വിജയം. പരമ്പര ഇന്ത്യ സ്വന്തമാക്കി.

**In Cricket, India defeated West Indies by 7 wickets in the second Test Match at Arun Jaitley Stadium in Delhi today**

&&&&&&&&&&&&&&&&&&

## HEADLINE-1

## PREZ MONGOLIA – INDIA

പ്രധാനമന്ത്രി നരേന്ദ്രമോദിയും മംഗോളിയൻ പ്രസിഡന്റ് ഖുറേൽസുഖ് ഉഖ്നയുമായുള്ള കൂടിക്കാഴ്ച ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകളാണ് നേതാക്കൾക്കിടയിൽ നടക്കുന്നത്. നിരവധി ധാരണാപത്രങ്ങളിലും ഇതോടനുബന്ധിച്ച് ഇരുരാജ്യങ്ങളും ഒപ്പുവയ്ക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും മംഗോളിയൻ പ്രസിഡന്റ് ഇന്ന് വൈകുന്നേരം കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് ഇന്ന് ഔദ്യോഗിക വിരുന്നും ഒരുക്കിയിട്ടുണ്ട്. നാല് ദിവസത്തെ സന്ദർശത്തിനായി ഇന്നലെയാണ് മംഗോളിയൻ പ്രസിഡന്റ് ഡൽഹിയിലെത്തിയത്. മന്ത്രിമാരും ജനപ്രതിനിധികളും അടങ്ങുന്ന ഉന്നതതല സംഘവും അദ്ദേഹത്തിനൊപ്പമുണ്ട്. രാജ്ഘട്ടിൽ ഇന്ന് സന്ദർശനം നടത്തിയ ഖുറേൽസുഖ് ഉഖ്ന രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചിരുന്നു. 1955 മുതൽ ആരംഭിച്ച നയതന്ത്രബന്ധമാണ് ഇന്ത്യയ്ക്കും മംഗോളിയയ്ക്കും ഇടയിലുള്ളത്.

&&&&&&&&&&&&&&&&&&

## HEADLINE-2

## REV DAY ARMY-UNTCC CONCLAVE (INTRO)

*നിയമസംവിധാനത്തിൽ അധിഷ്ഠിതമായ ലോകക്രമത്തിനായാണ് ഇന്ത്യ എക്കാലവും നിലകൊള്ളുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ചില രാജ്യങ്ങൾ അന്താരാഷ്ട്ര നിയമങ്ങൾ പരസ്യമായി ലംഘിക്കുന്ന സാഹചര്യത്തിലാണ്, കാലഹരണപ്പെട്ട അന്താരാഷ്ട്ര ഘടനകളുടെ നവീകരണം എന്ന ആവശ്യം ഇന്ത്യ മുന്നോട്ട് വയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഐക്യരാഷ്ട്ര സഭയ്ക്ക് സേനകളെ സംഭാവന ചെയ്യുന്ന രാജ്യങ്ങളുടെ കോൺക്ലേവിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്താനുള്ള ഐക്യരാഷ്ട്രസഭയുടെ ദൗത്യത്തിൽ ഇന്ത്യ ഉറച്ചുനിൽക്കുന്നതായും ശ്രീ രാജ്നാഥ് സിങ് വ്യക്തമാക്കി . അന്താരാഷ്ട്ര*

***സമാധാനം പരിപാലിക്കുന്നതിൽ ഇന്ത്യ അന്താരാഷ്ട്ര സമൂഹത്തോടൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടെന്നും അഹിംസയെന്നത് രാജ്യത്തിന്റെ തത്വചിന്തയിൽ അന്തർലീനമായ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു.***

***(വോയ്സ് - രാജ് നാഥ് സിംഗ് )***

***ഐക്യരാഷ്ട്രസഭയുടെ 71 സമാധാന പരിപാലന ദൗത്യങ്ങളിൽ 51 ദൗത്യങ്ങളിലായി ഇന്ത്യ ഇതുവരെ മൂന്ന് ലക്ഷത്തോളം പേരെ അയച്ചിട്ടുണ്ടെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി കോൺക്ലേവിൽ പറഞ്ഞു. 32 രാജ്യങ്ങളിൽ നിന്നുള്ള മുതിർന്ന സൈനിക ഉദ്യോഗസ്ഥർ കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്.***

&&&&&&&&&&&&&&&&&

**TRUMP PEACE DEAL –OVERALL**

ഗാസയിൽ കഴിഞ്ഞ രണ്ടു വർഷമായി തുടരുന്ന യുദ്ധം അവസാനിപ്പിച്ചുകൊണ്ടുള്ള ചരിത്രപ്രധാനമായ പ്രഖ്യാപനത്തിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉൾപ്പെടെയുള്ള നേതാക്കൾ ഇന്നലെ ഒപ്പുവെച്ചു. ട്രംപിനു പുറമേ, ഈജിപ്ത്, തുർക്കി രാഷ്ട്രത്തലവൻമാർ, ഖത്തർ അമീർ എന്നിവരാണ് പ്രഖ്യാപനത്തിൽ ഒപ്പുവെച്ചത്.

ഈജിപ്തിലെ ഷാർമൽ ഷെയ്ഖ് നഗരത്തിൽ നടന്ന സമാധാന ഉച്ചകോടിയുടെ ഭാഗമായാണ് ഉടമ്പടി ഒപ്പുവെക്കുന്ന ചടങ്ങ് നടന്നത്. യു എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നോട്ട് വെച്ച സമാധാന പദ്ധതിയുടെ പ്രധാന ഘടകമാണിത്. ലോകത്തിനും മധ്യ പൂർവ്വേഷ്യയ്ക്കും മഹത്തായൊരു ദിവസം എന്നാണ് ട്രംപ് ഉടമ്പടിയെ വിശേഷിപ്പിച്ചത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഇന്ത്യ, കാനഡ, സൗദി അറേബ്യ, യൂറോപ്യൻ യൂണിയൻ, യു.എ.ഇ തുടങ്ങി 30-ലധികം രാജ്യങ്ങളും അന്താരാഷ്ട്ര സംഘടനകളും സമാധാന ഉച്ചകോടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**US President-Prime Minister**

ഈജിപ്തിലെ സമാധാന ഉച്ചകോടിയിൽ ഇന്ത്യയെ പ്രശംസിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രധാനമന്ത്രി നരേന്ദ്ര മോദി 'വളരെ നല്ല സുഹൃത്ത്' ആണെന്നും ഉന്നതമായ രീതിയിലുള്ള പ്രവർത്തനമാണ് അദ്ദേഹം നടത്തുന്നതെന്നും ട്രംപ് പറഞ്ഞു. വളരെ മികച്ചകാര്യങ്ങളാണ് ശ്രീ മോദി ചെയ്യുന്നതെന്നും സമാധാന ഉച്ചകോടിയിൽ ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&

**KIRTI VARDHAN-EGYPT SUMMIT**

പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ നയതന്ത്രമാർഗ്ഗങ്ങളിലൂടെയും, ചർച്ചകളിലൂടെയും പരിഹരിക്കണമെന്നാണ് ഇന്ത്യയുടെ നിലപാടെന്ന് വിദേശകാര്യ മന്ത്രാലയം. ഗാസ സമാധാന പദ്ധതിയെ ഇന്ത്യ പിന്തുണയ്ക്കുന്നതായി, ഈജിപ്തിൽ ഇന്നലെ നടന്ന സമാധാന ഉച്ചകോടിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധ സിങ്ങ് വ്യക്തമാക്കി. സമാധാനം പുനസ്ഥാപിക്കുന്നതിൽ നിർണായക പങ്ക് വഹിച്ച ഖത്തറിനെയും, ഈജിപ്തിനെയും അദ്ദേഹം അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

**AMIT SHAH**

സംഘടിത കുറ്റകൃത്യങ്ങൾ, ഭീകരവാദം എന്നിവയ്ക്കെതിരെ അതീവ ദുഷ്കരമായ വിധത്തിലുള്ള പോരാട്ടങ്ങളാണ് എൻ.എസ്.ജി നടത്തി വരുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നാഷണൽ സെക്യൂരിറ്റ് ഗാർഡിന്റെ 41 മത് സ്ഥാപക ദിനാഘോഷങ്ങളെ ഹരിയാനയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

**HEADLINE-4**

**BIHAR - ASSEMBLY ELECTION**

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി പ്രഖ്യാപനത്തിനുള്ള അന്തിമഘട്ട ചർച്ചകൾ ഊർജ്ജിതമാക്കി മുന്നണികൾ. എൻ.ഡി.എയുടെ സീറ്റ് വിഭജന ചർച്ചകൾ കഴിഞ്ഞ ദിവസം പൂർത്തിയായി. സീറ്റുകളുടെ കാര്യത്തിൽ ധാരണയിലെത്താൻ ആർജെഡി - കോൺഗ്രസ് മഹാസഖ്യത്തിന് ഇത് വരെ സാധിച്ചിട്ടില്ല. എന്നാൽ പ്രമുഖ സ്ഥാനാർത്ഥികളുടെ സീറ്റിന്റെ കാര്യത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ ഇതിനകം തന്നെ തീരുമാനമെടുത്തിട്ടുണ്ട്. രാഘോപുർ മണ്ഡലത്തിൽ ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് നാളെ പത്രിക നൽകും. നിയമസഭാ തെരഞ്ഞെടുപ്പും , ഉപതിരഞ്ഞെടുപ്പുകളും കണക്കിലെടുത്ത്, സമൂഹമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വെബ്സൈറ്റുകളിലൂടെ രാഷ്ട്രീയ പരസ്യങ്ങൾ പുറത്തിറക്കരുതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയ പാർട്ടികൾക്ക് നിർദ്ദേശം നൽകി. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്ന സമയത്ത് സ്ഥാനാർത്ഥികൾ ആധികാരിക സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ പങ്കിടാനും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട് .

&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....**

**(ബ്രേക്ക്)**

&&&&&&&&&&&&&&&&&

**HEADLINE-5**

**VOTERS LIST**

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം ഇന്ന് അവസാനിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

&&&&&&&&&&&&&&&&&&

## MINISTER VEENA GEORGE (INTRO)

***2031 ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷയുള്ള സംസ്ഥാനമായി കേരളം മാറുമെന്നു മന്ത്രി വീണാ ജോർജ് പറഞ്ഞു. വിഷൻ 2031 ആരോഗ്യ സെമിനാറിന്റെ ഉദ്ഘാടനം പത്തനംതിട്ട തിരുവല്ല ബിലിവേഴ്സ് കൺവെൻഷൻ സെന്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.***

***വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ...***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## HEADLINE-6

## INDIA – FEMALE LABOUR

വനിതകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വൻതോതിൽ മുന്നേറ്റം കാഴ്ചവച്ച് ഇന്ത്യ. 2017-18 കാലയളവിൽ 23 ശതമാനമായിരുന്ന തൊഴിൽ പങ്കാളിത്തം 2023-24 ൽ 42 ശതമാനമായതായി തൊഴിൽ മന്ത്രാലയത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. നൈപുണ്യവികസനം, വായ്പാ ലഭ്യത എന്നിവയുമായി ബന്ധപ്പെട്ട സർക്കാരിൻറെ നയങ്ങൾ ഈ മാറ്റത്തിന് പിന്നിൽ പ്രവർത്തിച്ചതായും മന്ത്രാലയം അറിയിച്ചു. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ, തൊഴിൽ മേഖലയിലെ സ്ത്രീ ശാക്തീകരണത്തിന് നിർണായക സ്ഥാനമുണ്ടെന്നാണ് സർക്കാരിന്റെ വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## TEST CRICKET – INDIA WINS

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം . ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ 7 വിക്കറ്റിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത് . വിൻഡീസ് ഉയർത്തിയ 121 റൺസ് വിജയലക്ഷ്യം മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു. ഇന്ത്യയ്ക്ക് വേണ്ടി

ഓപ്പണർ കെ എൽ രാഹുൽ അർധ സെഞ്ച്വറി നേടി പുറത്താവാതെ നിന്നു. സായ് സുദർശൻ 39 റൺസ് നേടി. ഇതോടെ രണ്ട് മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പര 2-0ത്തിന് ഇന്ത്യ സ്വന്തമാക്കി. അഹമ്മദാബാദിൽ നടന്ന ആദ്യ ടെസ്റ്റിൽ ഇന്നിങ്സിനും 140 റൺസിനുമായിരുന്നു ഇന്ത്യയുടെ വിജയം.

&&&&&&&&&&&&&&&&&

## WHO COUGH SYRUP

ഇന്ത്യയിൽ നിർമിക്കുന്ന മൂന്ന് കഫ് സിറപ്പുകൾക്കെതിരെ മുന്നറിയിപ്പ് നൽകി ലോകാരോഗ്യ സംഘടന. നിരവധി കുട്ടികളുടെ മരണത്തിന് കാരണമായ കോൾഡ്രിഫ് ഉൾപ്പെടെയുള്ള ചുമ മരുന്നുകൾ ജീവന് ഭീഷണിയുണ്ടാക്കുന്ന വിധത്തിൽ അപകടകരമായേക്കാം എന്ന് മുന്നറിയിപ്പിൽ പറയുന്നു. റെഡ്നക്സ് ഫാർമസ്യൂട്ടിക്കൽസ് നിർമിച്ച റെസ്പിഫ്രഷ് ടിആർ, ഷേപ്പ് ഫാർമയുടെ റീലൈഫ് എന്നിവയാണ് നിരോധിച്ച മറ്റ് കഫ് സിറപ്പുകൾ. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, കോൾഡ്രിഫ് നിർമിച്ച തമിഴ്നാട്ടിൽ ശ്രീസൻ ഫാർമസ്യൂട്ടിക്കൽസ് ഉടമയെ അറസ്റ്റ് ചെയ്യുകയും, സ്ഥാപനത്തിൻറെ ലൈസൻസ് റദ്ദാക്കുകയും ചെയ്തിരുന്നു. ചുമ മരുന്നുകളുടെ ഉപയോഗത്തിൽ ജാഗ്രത പുലർത്തണമെന്ന് കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് ജാഗ്രത നിർദ്ദേശവും നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## SENSEX+GOLD

സ്വർണ വിലയിൽ ഇന്നും റെക്കോഡ് വർധന. പവന് 2,400 രൂപ കൂടി 94,360 രൂപയും ഗ്രാമിന് 11,795 രൂപയുമാണ് ഇന്നത്തെ വില. രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 479 പോയിന്റ് താഴ്ന്ന് 81,847 ലും, നിഫ്റ്റി 149 പോയിന്റ് ഇടിഞ്ഞ് 25,077ലും വ്യാപാരം തുടരുന്നു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&